കേരളകൗമുദി

1992 നവംബർ 2—1168 തുലാം 17 തിങ്കൾ

നിക്ഷേപത്തിനുള്ള ആഹ്വാനം

വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന ഇന്ത്യാക്കാർ, വിശേഷിച്ച് കേരളീയർ, നമ്മുടെ നാട്ടിലെ വ്യവസായരംഗത്ത് നിക്ഷേപം നടത്താൻ ആവർത്തിച്ചുള്ള ആഹ്വാനം നടക്കുകയാണ്. ഫോറം ഒഫ് ഇന്ത്യൻസ് ഓവർസീസ് തിരുവനന്തപുരത്ത് നടത്തിയ അന്താരാഷ്ട്ര എൻ.ആർ.ഐ. സെമിനാറിൽ നടന്ന ആഹ്വാനങ്ങൾ ഏറ്റവും ഒടുവിലത്തേതാണ്. സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തിയ വ്യവസായവകുപ്പുമന്ത്രി ശ്രീ. കുഞ്ഞാലിക്കുട്ടി വിദേശ ഇന്ത്യാക്കാർക്ക് ലാഭകരമായി പണം നിക്ഷേപിക്കാനുള്ള വമ്പിച്ച സാദ്ധ്യതകളാണ് കേരളത്തിലുള്ളതെന്ന് പറഞ്ഞു. മന്ത്രിയുടെ ആഗ്രഹവും ഉദ്ദേശശുദ്ധിയും അഭിനന്ദനീയമാണ്. എന്നാൽ, വ്യവസായങ്ങളിൽ നിക്ഷേപം നടത്തി 660 കോടിയിൽപ്പരം രൂപയുടെ മൊത്ത നഷ്ടമുണ്ടാക്കിയ ഗവൺമെൻറിൻെറ മന്ത്രിയാണദ്ദേഹം. ഈ നഷ്ടത്തിന് ശ്രീ. കുഞ്ഞാലിക്കുട്ടിയല്ല ഉത്തരവാദിയെങ്കിലും, സംസ്ഥാന ഗവൺമെൻറിന് പൂർണ്ണമായ ഉത്തരവാദിത്വമുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരാൻ ആരും ആത്മാർത്ഥമായി ആഗ്രഹിക്കുന്നില്ല. ഒഴിവാക്കാ

സ്വന്തമായി ഒരു വീടുണ്ടാക്കാൻ വിവിധ വകുപ്പുകാരുടെ അനുവാദം നേടണമെങ്കിൽ കൈക്കൂലിയുമായി അനേകമാസങ്ങൾ സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങണം. വ്യവസായങ്ങൾ ആരംഭിക്കാൻ ശ്രമിക്കുന്നവർക്ക് അനുഭവിക്കേണ്ടിവന്നിരുന്ന ക്ലേശങ്ങൾ എത്രയോ കൂടുതലാണ്. അക്കാര്യത്തിൽ അടുത്തകാലത്തായി മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നത് സ്വാഗതാർഹമാണ്. മൂലധനനിക്ഷേപത്തെ നിരുത്സാഹപ്പെടുത്തുന്ന അന്തരീക്ഷമാണ് പല ഘടകങ്ങൾ ചേർന്ന് ഇവിടെ സൃഷ്ടിച്ചിരുന്നത്. വർഷങ്ങളായി അനുഭവങ്ങളിലൂടെ നിക്ഷേപകർക്കുണ്ടായ ആശങ്കകൾ കുറേപ്പേരുടെ ആഹ്വാനംകൊണ്ടൊന്നും മാറുകയില്ല. മൂലധനം നിക്ഷേപിക്കുന്നവർക്ക് സന്തോഷകരമായ പുതിയ അനുഭവങ്ങളുണ്ടാകണം. സംസ്ഥാനത്തിൻെറ വ്യാവസായികവളർച്ചയിലും ഇവിടെ തൊഴിലവസരങ്ങൾ വർദ്ധിക്കുന്നതിലും താല്പര്യമുള്ളവരെല്ലാം ആത്മാർത്ഥമായി ആഗ്രഹിക്കുകയും സഹകരിക്കുകയും ചെയ്താൽ കാലക്രമേണ നിക്ഷേപകരുടെ ഭീതി മാറുന്ന കാലാവസ്ഥയുണ്ടാകും.

ക്ഷയരോഗം തിരിച്ചുവരുമോ?

കോന്നിയൂർ നരേന്ദ്രനാഥ്

സ്ട്രെപ്ടോമൈസിൻ, റിഫാംപിസിൻ, ഐസോനിയാസിഡ്—തുടങ്ങിയ മരുന്നുകൾ രോഗചികിത്സയ്ക്ക് ലഭ്യമായപ്പോൾ 1940–60 കാലത്ത് ഒരു പുതിയ ശുഭാപ്തിവിശ്വാസത്തിൻെറ പ്രകാശം പരന്നിരുന്നു. ക്ഷയരോഗം പൂർണ്ണമായി നിവാരണം ചെയ്യാമെന്ന പ്രതീക്ഷയും വളർന്നു. രോഗത്തിനെതിരായ പ്രവർത്തനങ്ങൾക്ക് ശക്തി ക്ഷയിക്കുമോ എന്നതാണ് ഇന്നത്തെ ആശങ്ക.

അത്യന്താധുനികങ്ങളായ സർവ്വസജ്ജീകരണങ്ങളും ഔഷധങ്ങളും ഉപയോഗിക്കാൻ സൗകര്യമുള്ള അമേരിക്കൻ ഐക്യനാടുകളിൽ, ക്ഷയരോഗം പുതിയ വെല്ലുവിളിയുയർത്തിയിട്ടുണ്ട്. ഇന്നുള്ള കൈക്കൊണ്ട ഔഷധങ്ങൾ പ്രയോഗിച്ചാൽ ഫലിക്കാത്ത പുതിയ വിഭേദ (Resistant Strains) ക്ഷയരോഗാണുക്കൾ ക്രമാതീതമായി വർദ്ധിക്കുന്നുണ്ടത്രേ! ഇവ പകർത്തുന്ന ക്ഷയരോഗം കൂടുതൽ ആളുകളിൽ എത്തിയാൽ ചികിത്സകൊണ്ടു ഫലമില്ലാതാകും! ഇംഗ്ലണ്ടിൽ വിഭേദാണു പരമ്പരയിൽപ്പെടുന്ന രണ്ടിനങ്ങൾ വേർതിരിച്ചിരിക്കുന്നു!

ക്ഷയരോഗത്തിൻെറ വിഭേദാണുക്കൾ, എയ്ഡ്സ് ബാധയുള്ളവരിൽ പകർന്നു പടരുന്നതായി ഡോ: അന്തോണി ഫവുസി എന്ന വിദഗ്ദ്ധൻ കഴിഞ്ഞ ഫെബ്രുവരിയിൽ പ്രസ്താവിച്ചിട്ടുണ്ട്. തികച്ചും പുതിയതും ഭിന്നരൂപത്തിലുള്ളതുമായ വിഭേദക്ഷയാണുക്കൾ ആണ് എയ്ഡ്സ് രോഗികളിലൂടെ വ്യാപിക്കുന്നതെന്ന് ഹാർവാർഡ് എയ്ഡ്സ് രോഗികളിലൂടെ വ്യാപിക്കുന്നതെന്ന് ഹാർവാർഡ് എയ്ഡ്സ് ഗവേഷണകേന്ദ്രത്തിലെ ഡയറക്ടർ മാക്സ് എസ്സക്സ് മുന്നറിയിപ്പ് നൽകുന്നു.

1990 ൽ ഐക്യനാടുകളിൽമാത്രം 25,701 പുതിയ ക്ഷയരോഗികളുണ്ടായതായിട്ടാണ് കണക്ക്. ഇത് മുൻകൊല്ലത്തെക്കാൾ ഒൻപതുശതമാനം കൂടുതലാണ്.

ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ ക്ഷയരോഗമായിരുന്നു ഏറ്റവും കൂടുതൽ മനുഷ്യരെ കൊന്ന മഹാരോഗം. എന്നാൽ, ആൻറിബയോട്ടിക്ക് മരുന്നുകളുടെ പ്രചാരത്താൽ അത് അനുക്രമമായി കുറഞ്ഞു. എയ്ഡ്സ് രോഗത്തിൻെറ വരവോടെ ക്ഷയരോഗികളുടെ എണ്ണവും വർദ്ധിക്കുകയാണ്.

ലോകജനസംഖ്യയിൽ മൂന്നിലൊന്നാളുകളിൽ ക്ഷയരോഗാണുക്കൾ ലീനമായി സ്ഥിതി ചെയ്യുന്നുണ്ടെന്നാണ് സ്ഥിതിവിവരക്കണക്ക്. എയ്ഡ്സ് വർദ്ധിക്കുന്ന ഇക്കാലത്ത്, ആഗോളാടിസ്ഥാനത്തിൽ ക്ഷയരോഗം മഹാമാരിയായി പടരാനുള്ള സാദ്ധ്യത കൂടുതലുണ്ടെന്നാണ് ഡോ: ഫവുസിയുടെ പക്ഷം. ഇത് അവികസിതവും അല്പവികസിതവുമായ രാജ്യങ്ങളിലെ പൊതുജനാരോഗ്യാവസ്ഥയെ വിപരീതമായി ബാധിക്കുമെന്നതിന് സംശയമില്ല.

ഏറ്റവും പഴക്കമുള്ള ഒരു അശ്മകം

ഇതുവരെ കണ്ടെടുക്കാൻ കഴിഞ്ഞിട്ടുള്ള, ഏറ്റവും പഴക്കമുള്ളതായി കാലഗണനം നടത്തിയ പല്ലിവർഗ്ഗ ജീവിയുടെ അശ്മകം—ഫോസിൽ—ഇംഗ്ലണ്ടിലെ ഒരു സ്ഥലത്തുനിന്ന് സമ്പാദിച്ചതായി റിപ്പോർട്ടുണ്ടായിരുന്നു. സ്റ്റാൻവുഡ്–എന്നയാൾ, എഡിൻ ബറോക്ക് സമീപമുള്ള ബാത്ഗേറ്റ് എന്ന സ്ഥലത്തെ വെട്ടുമടയിൽ നിന്നാണത് സമ്പാദിച്ചത്. ഇടയ്ക്ക് അത് ജർമ്മനിയിലെ ഒരു സ്ഥാപനം വാങ്ങാൻ ശ്രമിക്കുകയുണ്ടായി. എന്നാൽ, ശാസ്ത്രചരിത്രപ്രാധാന്യമുള്ള ആ വിഭവം നാടിന് നഷ്ടമാകരുതെന്ന് അവിടത്തെ ശാസ്ത്രതല്പരർ തീരുമാനിച്ചു. ഇംഗ്ലണ്ടിൽ തന്നെ യഥാവിധി സൂക്ഷിക്കാനുള്ള വ്യവസ്ഥയുറപ്പുവരുത്താൻ 195,000 പവൻ പൊതുജനങ്ങളിൽനിന്നു പിരിച്ച്, രൂപീകരിക്കുകയുണ്ടായി. ജനങ്ങൾക്ക് ഈ വിഷയത്തിലുള്ള താല്പര്യം അനുകരണീയമായ കാര്യമാണ്. അമൂല്യങ്ങളായ എത്രയെത്ര പുരാവസ്തുക്കളാണ് നമ്മുടെ നാട്ടിൽ നിന്ന് കള്ള വ്യാപാരത്തിലൂടെ വിദേശങ്ങളിലേക്ക് പോകാറുള്ളത്!

ഇതിനുമുമ്പ് ശേഖരിക്കാൻ സാധിച്ചിട്ടുള്ള ഏറ്റവും പഴക്കം ചെന്ന കൂർമ്മവംശജീവിയുടെ അശ്മകത്തിന് 400 ലക്ഷം വർഷത്തോളം പഴക്കമുണ്ട്.

ഏറ്റവും പഴക്കമുള്ള പറവയുടെ അശ്മകം ആദ്യമായി കണ്ടെടുത്തത് 1861 ൽ ബവാറിയൻ പ്രദേശത്തുനിന്നാണ്. പക്ഷികളും കൂർമ്മജീവികളും തമ്മിൽ ബന്ധപ്പെട്ടുനിന്നിരുന്ന കാലത്തെ പ്രതിനിധിയാണത്. പക്ഷികളെപ്പോലെ തൂവലുകളുണ്ടായിരുന്നു അതിന്. അണയും ദന്തനിരയുമുള്ള മോന്തയായിരുന്നു അതിൻേറത്; പക്ഷികളുടെ ചുണ്ടു പരിണമിച്ചിരുന്നില്ല. ചീങ്കണ്ണിയുടെ വാലുമാതിരിയുള്ള വാലിൽ ഘടിപ്പിച്ചിരുന്ന തൂവലുകളോടുകൂടിയ "വാലും" പറയാനുണ്ട്. ഈ അശ്മകം ഇന്ന് ലണ്ടനിലെ നാചറൽ ഹിസ്റ്ററി മ്യൂസിയത്തിൽ ഒരു അമൂല്യശേഖരമായി സൂക്ഷിച്ചിട്ടുണ്ട്. പരിണാമവാദത്തിന് ശക്തിയായ ഒരു താങ്ങാണ് അതെന്നു പറയാം.

മുമ്പു സൂചിപ്പിച്ച പല്ലിവർഗ്ഗത്തിൻെറ അശ്മകത്തിനിട്ടിട്ടുള്ള പേര് "വെസ്റ്റ്ലോതിയാനാ" (Westlothiana) എന്നാണ്. അത് ലഭ്യമായ ബാത്ഗേറ്റ് വെട്ടുമടയിൽ ഇത്തരം കൂടതലിനങ്ങളുണ്ടായേക്കാമെന്നാണ് വിദഗ്ദ്ധരുടെ വിശ്വാസം.

1993 ൽ സ്റ്റുർട്ട് ഗർട്ടിലേക്ക് അതു കൊണ്ടുപോയേക്കാനിടയുണ്ട്. അല്പകാലത്തേക്കുള്ള ഒരു പ്രദർശനം അവിടെ ഏർപ്പാടു ചെയ്യുമെന്നാണ് അറിവ്.

പരിസര ശുചിത്വത്തിനൊരു മാതൃക

അസാധാരണത്വമുള്ള ഒരു കുറിപ്പ് ഒരു ഇംഗ്ലീഷ് മാസികയിൽ ഈയിടെ വായിക്കാനിടയായി. ശുചിത്വപരിപാലനത്തിൽ പാശ്ചാത്യർക്കുള്ള താല്പര്യം അത് എടുത്തു കാട്ടുന്നുണ്ട്.

ബ്രിട്ടനിലെ ഒരു ചെറിയ പട്ടണത്തിൽ, റോഡുകളിൽ അവിടവിടെ സ്ഥാപിച്ചിട്ടുള്ള ബോർഡുകളിൽ ഇങ്ങനെ എഴുതിയിട്ടുണ്ട്—"അനധികൃതമായി നിരത്തിൽ പട്ടിയെ കാഷ്ഠിപ്പിക്കുന്നത് ശിക്ഷാർഹമാണ്. ആ കുറ്റത്തിന് ഇരുപതു പവൻ വരെ പിഴ ചുമത്താവുന്നതാണ്."

ഈ മുന്നറിയിപ്പ് വായിച്ചപ്പോൾ, സ്വാഭാവികമായി നമ്മുടെ നാട്ടിലെ അവസ്ഥ ഓർമ്മിച്ചുപോയി. ഉന്നത നിലവാരത്തിലുള്ള നഗരശുചിത്വം പാലിക്കുന്ന പട്ടണമെന്ന് തിരുവനന്തപുരം പണ്ട് പ്രശസ്തി നേടിയിരുന്നു. എതാണ്ട് അമ്പതു കൊല്ലംമുമ്പ് അത് പറഞ്ഞ് പലരും ഊറ്റം കൊണ്ടിരുന്നത് കണ്ടിട്ടുള്ള ആളാണ് ഈ ലേഖകൻ!

കോളേജിൽ പഠിക്കാൻ തിരുവനന്തപുരത്ത് 1943-ൽ വന്നിറങ്ങിയപ്പോൾ കൂടെയുണ്ടായിരുന്ന ചേട്ടൻ, രഹസ്യംപോലെ ഒരു കാര്യം പറഞ്ഞുതന്നു— "നാട്ടിലെമാതിരി റോഡിൻെറ വക്കിലെങ്ങും മൂത്രമൊഴിക്കരുത്! പൊലീസ് കണ്ടാൽ പിടികൂടും! പിഴ ചുമത്തുകയും ചെയ്യും! ഓർമ്മിച്ചോണം!"

കാര്യത്തിൻെറ ഗൗരവം വിശദമാക്കാൻ ഒരു കഥയും പിന്നെ കേട്ടു. മുറജപകാലത്ത് വടക്കുനിന്നുവന്ന ഒരു നമ്പൂതിരിയുടെ കഥ! മൂത്രശങ്കയൊതുക്കാനാവാതെ വന്നപ്പോൾ, നിരത്തിൻെറ ഓരത്ത് അത് നിർവ്വഹിച്ചു. കൃത്യം കണ്ട പൊലീസ് പിടികൂടി അഞ്ചു സർക്കാർ രൂപ പിഴയുമിട്ടു! നമ്പൂതിരിയദ്ദേഹം കുലുങ്ങാതെ പത്തു രൂപയ്ക്കുള്ള കാശ് കൊടുത്തുകൊണ്ടു പറഞ്ഞു—"ദാ!...... പത്തുരൂപയിരിക്കട്ടെ! നോം... മടങ്ങുമ്പോൾ മൂത്രശങ്കയുണ്ടാകുകയില്ലെന്ന് നിശ്ചയം പോരാ! ചെയ്യാതെ പറ്റുമോ? രണ്ടിനും കൂടിയുള്ളതുകയായിത്; പത്തു സർക്കാർ രൂപ! ദാ! വാങ്ങിക്കോളൂ.....!"

തിരുവനന്തപുരത്ത് പഠിക്കാൻ താമസിച്ച കാലമത്രയും താമസസ്ഥലം വിട്ട് പുറത്തുപോകുമ്പോൾ ആ നമ്പൂതിരിയുടെ കഥ ഓർമ്മിച്ചിരുന്നു. പത്ത് സർക്കാർ രൂപ കൈയിലില്ലാത്ത കാലമായിരുന്നതിനാൽ, പുറത്തുപോകുന്നതിനുമുമ്പ് "കാര്യങ്ങൾ" തീർക്കാറുമുണ്ടായിരുന്നു.

പട്ടിപ്രേമികൾ വളരെയുള്ള രാജ്യമാണ് ബ്രിട്ടൻ. ഓമനിച്ചുവളർത്തുന്ന നായ്ക്കളുടെ എണ്ണം ആകെയുള്ള ആളുകളെക്കാൾ കൂടുതൽ അവിടെയുണ്ട്. മഹാകവി ബൈറൻ പ്രഭു, ഓമനിച്ചുവളർത്തിയ നായ ചത്തപ്പോൾ, ആഡംബരത്തോടെയാണ് അതിനെ സംസ്കരിച്ചത്. അതിൻെറ ശവകുടീരത്തിൽ സ്ഥാപിച്ച ഫലകത്തിൽ ഒരു കവിതയാണ് കുറിച്ചുവച്ചതും! അതിൻെറ സാരമിതാണ്—"ഗർവ്വില്ലാത്ത സൗന്ദര്യം, ധാർഷ്ട്യമില്ലാത്ത ശക്തി, ക്രൗര്യമില്ലാത്ത ധൈര്യം എന്നിവ ഒത്തുചേർന്നത്; സ്വാഭാവിക ബലഹീനതകളേശിയിട്ടില്ലാത്ത സൽഗുണസമ്പന്നൻ. ഏതു മനുഷ്യൻപോലും അത്യധികം പ്രശംസയായി സ്വീകരിക്കുന്നതെല്ലാം ഒത്തുചേർന്നവൻ"—ബോട്സ്വെയിൻ നായുടെ സ്മരണ അങ്ങനെ അദ്ദേഹം ശാശ്വതീകരിച്ചിരിക്കുന്നു.

ഇങ്ങനെയെല്ലാം പട്ടിയെ പ്രേമിക്കുന്ന നാട്ടിലാണ്, മുമ്പു കുറിച്ച ബോർഡ്, നിരത്തുകളിൽ സ്ഥാപിച്ചിട്ടുള്ളത് എന്നോർമ്മിക്കണം! നമ്മുടെ നാട്ടിൽ വളർത്തുനായ്ക്കളെ കാഷ്ഠിപ്പിക്കാൻ കാലത്തും വൈകുന്നേരവും വീട്ടുകാർ കൊണ്ടുപോകാറുള്ളത് രാജവീഥിയിലേക്കാണ്! പട്ടികൾ മാത്രമല്ല വഴിയോരം പ്രയോജനപ്പെടുത്തുന്നത് എന്ന വ്യത്യാസവുമുണ്ട്. "മനുഷ്യകാഷ്ഠ"മില്ലാത്ത റോഡുവക്കുകൾ വളരെ അപൂർവ്വമല്ലേ നമ്മുടെ നാട്ടിൽ?

റോഡുവക്കിലൂടെ നടക്കാൻ നിർബന്ധിതമായാൽ, വളരെ കരുതിവേണം അതു ചെയ്യാൻ! അവിടവിടെ കിടക്കുന്ന മനുഷ്യകാഷ്ഠവും പട്ടികാഷ്ഠവുമൊക്കെ മനംമടുപ്പിച്ചില്ലെങ്കിൽ നിങ്ങൾ ഒരസാമാന്യനായിരിക്കും! മുമ്പ് മഴവെള്ളം വന്നാൽ ഒലിച്ചുപോകാനുള്ള ചാലുകളും ഓടകളുമെല്ലാമുണ്ടായിരുന്നു. നികന്നുകഴിഞ്ഞ ഓടകളിലെ മണ്ണ് നീക്കംചെയ്യാൻ ആരും ഒരുങ്ങാറില്ല. എല്ലാം ഒരുപോലെ നിരപ്പാക്കുന്ന വ്യവസ്ഥിതിയാണല്ലോ യഥാർത്ഥ ജനാധിപത്യം!

പട്ടികാഷ്ഠത്തിലൂടെ പകരുന്ന രോഗങ്ങൾ വളരെയുണ്ട്. കണ്ണിൻെറ കാഴ്ച നശിപ്പിക്കുന്ന അണുക്കൾ വരെ, അതിലൂടെ പരക്കാറുണ്ട്. വിരകളുടെ കാര്യം പറയാനുമില്ല. ഇതൊക്കെ വിചാരിക്കുമ്പോൾ വെള്ളക്കാർ വച്ചിട്ടുള്ള ബോർഡ് അതേപടി ഇവിടത്തെ നിരത്തുകളിലും അവിടവിടെ സ്ഥാപിക്കുന്നത് ഉചിതമായിരിക്കുമെന്നു തോന്നുന്നു. കൂടാതെ, "പട്ടി" എന്നയിടങ്ങളിൽ "മനുഷ്യർ" എന്ന വാക്കു ചേർത്തുള്ള ബോർഡുകളും വയ്ക്കുന്നത് അതിലുപരി ഉപകാരമായിരിക്കും! മലിനീകരണം വ്യാപകമാക്കുന്നതിൽ പട്ടിയെക്കാൾ ഉത്തരവാദികൾ ജനാധിപത്യവിശ്വാസികളായ മനുഷ്യരാണല്ലോ!

ശാസ്ത്രലോകം



നിരത്തുകളിൽ അവിടവിടെ സ്ഥാപിച്ചിട്ടുള്ള നോട്ടീസ് ബോർഡുകളിലൊന്ന്

കോളേജിൽ പഠിക്കാൻ തിരുവനന്തപുരത്ത് വന്നിറങ്ങിയപ്പോൾ (1943-ൽ) കൂടെ ഉണ്ടായിരുന്ന ചേട്ടൻ രഹസ്യംപോലെ ഒരു കാര്യം പറഞ്ഞുതന്നു—"നാട്ടിലെമാതിരി റോഡുവക്കിലെങ്ങും മൂത്രമൊഴിക്കരുത്. പൊലീസുകണ്ടാൽ പിടികൂടും." എന്നാൽ ഇന്നോ? ഇഷ്ടംപോലെ എവിടെയും 'കാര്യം' കാണാനുള്ള സ്വാതന്ത്ര്യം ഉണ്ടെന്നായിരിക്കുന്നു.